**നം.എച്ച്2/35637/2014/ഡി.പി.ഐ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**
**തീയതി : 21.07.2014**

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം – ജീവനം – തസ്തിക നിർണയം 2014–15– സർക്കാർ സ്കൂളുകളിൽ അധികമുള്ള അധ്യാപകരെ മറ്റ് സ്കൂളുകളിൽ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

സൂചന :-
1. 29.11.2013 ലെ ജി.ഒ.(പി) നമ്പർ.313/2013/പൊ.വി.വ.
2. 04.07.2014 ലെ ജി.ഒ.(പി) നമ്പർ.124/2014/പൊ.വി.വ.
3. ഈ ഓഫീസിൽനിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ

ജില്ലയിലെ/ഉപജില്ലയിലെ സർക്കാർ സ്കൂളുകളിൽ 1:45 അനുപാതത്തിൽ തസ്തിക നിർണയം നടത്തുമ്പോൾ അധികമായി വരുന്ന അധ്യാപകരെ പ്രസ്തുത സ്കൂളിൽതന്നെ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകിയോ, ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് മാറ്റുന്ന ഒഴിവിലോ നിലനിർത്താനും, അതിനു കഴിയുന്നില്ലെങ്കിൽ ജില്ലയിലെ/ഉപജില്ലയിലെ തന്നെ മറ്റ് സർക്കാർ സ്കൂളുകളിൽ അപ്രകാരം നിലനിർത്താനുമാണ് സൂചന 3 ലെ സർക്കുലറിൽ നിർദേശിച്ചിട്ടുള്ളത്. ഇപ്രകാരം മാതൃ വിദ്യാലയത്തിലല്ലാതെ മറ്റ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് നിലനിർത്താൻ ഉദ്ദേശിക്കുന്ന അധ്യാപകരുടെ ലിസ്റ്റും അവർക്കായി അധിക തസ്തിക സൃഷ്ടിച്ചിട്ടുള്ള സ്കൂളുകളുടെ പേരും ഡി.ഇ.ഒ/എ.ഇ.ഒ മാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് തസ്തിക നിർണയം കഴിഞ്ഞാലുടൻതന്നെ കൈമാറേണ്ടതാണ്. ഈ അധ്യാപകരെ സീനിയോറിറ്റി അടിസ്ഥാനമാക്കി പ്രസ്തുത സ്കൂളുകളിലേക്ക് മാറ്റി നിയമിക്കേണ്ടത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ഡി.ഇ.ഒ/എ.ഇ.ഒ മാരുടെ തസ്തികനിർണയ ഉത്തരവിൻ പ്രകാരം അധ്യാപകർ സ്കൂൾ മാറിയാൽ അവരുടെ തുടർന്നുള്ള ശമ്പളം മാറുന്നതിലും മറ്റും പ്രയാസങ്ങൾ നേരിട്ടേക്കും എന്നതിനാലാണ് ഇത്തരം ഒരു നിർദേശം നൽകുന്നത്.

അതത് സ്കൂളിൽ അധിക തസ്തിക സൃഷ്ടിച്ച് നിലനിർത്തുന്ന അധ്യാപകരുടെ പേരും മറ്റ് വിവരങ്ങളുമാണ് ആ സ്കൂളിന്റെ തസ്തിക നിർണയ ഉത്തരവിൽ റിമാർക്സ് ആയി ചേർക്കേണ്ടത്. ഇപ്രകാരം നിലനിർത്താനാകാതെ പുറത്താകുന്ന അധ്യാപകരുടെ തുല്യഎണ്ണം തസ്തികകളാണ് മറ്റ് വിദ്യാലയങ്ങളിൽ അധികമായി അനുവദിക്കേണ്ടത്. ഇപ്രകാരം മറ്റ് വിദ്യാലയങ്ങളിൽ അനുവദിക്കുന്ന തസ്തികകളിലേക്ക് അധ്യാപകരെ മാറ്റി നിയമിക്കുന്നത് ഉപഡയറക്ടർ ആയതിനാൽ തസ്തിക നിർണയ ഉത്തരവിൽ ഇത്തരം അധ്യാപകരുടെ പേരുവിവരം രേഖപ്പെടുത്തേണ്ടതില്ല. ''ജില്ലയിൽ/ഉപജില്ലയിൽ പുറത്താകുന്ന.............. (എണ്ണം കാറ്റഗറി തിരിച്ച്) അധ്യാപകരെ സംരക്ഷിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള അധിക തസ്തിക'' എന്ന വിവരം മാത്രം ഉത്തരവിൽ രേഖപ്പെടുത്തിയാൽ മതിയാകും.

ഈ വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ 'വർഷം' കൂടാതെ ഒരു ചെറിയ മാറ്റം കൂടിയുണ്ട്. തസ്തികകളുടെ വിവരം രേഖപ്പെടുത്തുന്ന 'Appendix' ലെ Permanent, Temporary കോളങ്ങൾ പരസ്പരം മാറ്റുക. (ആദ്യകോളം Permanent, രണ്ടാം കോളം Temporary) 1:30/1:35 അനുപാതത്തിലും ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്നും മാറ്റുന്നതുവഴിയും സൃഷ്ടിക്കുന്ന തസ്തികകൾ എല്ലാം Temporary കോളത്തിൽ മാത്രം നൽകുക. (2010-11 ൽ നിലനിന്ന ഒരു തസ്തികയും ഈ വർഷം Temporary അല്ല എന്ന കാര്യം പ്രത്യേകം ഓർക്കുക). തസ്തിക നിർണയ ഉത്തരവിന്റെ മാതൃക അയച്ചുതന്നത് അതേപടി ചില എ.ഇ.ഒ/ഡി.ഇ.ഒ മാർ ഉപയോഗിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ("Proceedings of the District/Assistant Educational Officer..." എന്നുതന്നെ തലവാചകം ടൈപ്പുചെയ്യുന്നത് ഉദാഹരണം. അതുപോലെ തന്നെ 'Appendix' ലെ 'ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കി സൃഷ്ടിക്കുന്ന തസ്തികകളുടെ വിവരം' ഡി.ഇ.ഒ മാരുടെ ഉത്തരവിൽ ആവശ്യമുള്ളതല്ല). എ.ഇ.ഒ/ഡി.ഇ.ഒ തലത്തിൽ അവശ്യംവേണ്ട എഡിറ്റിംഗ് നടത്തിവേണം തസ്തിക നിർണയ ഉത്തരവിന്റെ മാതൃകാഫോറം ഉപയോഗിക്കേണ്ടത്. ഇപ്രകാരം ചെയ്യുമ്പോൾ പൊതുഫോർമാറ്റിന് മാറ്റങ്ങൾ ഒന്നും വരരുത് എന്ന കാര്യവും പ്രത്യേകം ഓർമിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**എൽ. രാജൻ**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**